പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6105 — 10.7.2012-ൽ മറുപടിയ്ക്ക്

ഹരിതഭവന കൃഷി രീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, ആർ. രാജേഷ്<br>,, എസ്. ശർമ്മ<br>,, എം. ഹംസ | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | 2012-13 ബഡ്ജറ്റിലെ ഹരിത ഭവന കൃഷി (ഗ്രീൻ ഹൗസ്) രീതി സംസ്ഥാനത്തെ എല്ലാ പ്രദേശത്തും വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചുവോ; | (എ) | ഹൈടെക് ഫാമിംഗിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ശാന്തിഗിരി ആശ്രമത്തിൽ വച്ച് 2012 ജൂൺ 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. |
| (ബി) | പദ്ധതിയിലൂടെ 2012-13 ൽ സർക്കാർ കൈവരിക്കാനുദ്ദേശിക്കുന്ന ഭൗതിക നേട്ടങ്ങളെന്തൊക്കെയാണ്; | (ബി) | 2012-2013 സാമ്പത്തിക വർഷത്തിൽ 400 ചതുശ്ര മീറ്റർ വിസ്തീർണ്ണമുള്ള 2934 ഗ്രീൻ ഹൗസുകൾ ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തുകളിൽ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ, പൊതുമേഖലയിൽ 21 ഉം സ്വകാര്യമേഖലയിൽ 63 ഉം 500 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രീൻ ഹൗസ് പ്രദർശ യൂണിറ്റുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി , വാഴ തുടങ്ങിയ വിളകളുടെ തുറസ്സായ സ്ഥലത്തുള്ള സൂക്ഷ്മകൃഷി നടത്താനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇതിനു പുറമേ വി.എഫ്.പി.സി.കെ യുടെ ആഭിമുഖ്യത്തിൽ ഹരിതഭവനകൃഷി കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ ലക്ഷ്യമിട്ട് 500 ച.മീറ്റർ വീതമുള്ള 12 പോളി ഹൗസുകൾക്ക് 2012-13 -ൽ ലക്ഷ്യമിടുന്നു. |

(സി) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

(ഡി) പദ്ധതിയുടെ പ്രഖ്യാപനത്തെത്തുടർന്ന് ഈ രീതിയിൽ കൃഷി ആരംഭിച്ച സംരംഭകർക്ക് സർക്കാർ പ്രഖ്യാപിച്ച സബ്സിഡി ലഭ്യമാക്കിത്തുടങ്ങിയോ;

(ഡി) ഇല്ല.

(ഇ) ഈ രീതിയിലുള്ള കൃഷി വൻതോതിൽ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഇ) പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും തയ്യാറാക്കി വരുന്നു. ഹൈടെക് ഫാമിംഗിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതു/സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുവാനായി താത്പര്യ പ്രകടന പത്രിക (Expression of Interest ) ക്ഷണിക്കുകയും 2 എണ്ണം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻ തന്നെ എംപാനൽ ചെയ്യുന്നതാണ്. പൊതുമേഖലയിലും കർഷകരുടെ കൃഷി സ്ഥലങ്ങളിലും പ്രദർശന യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ജില്ലയിലും 2 കൃഷി ഓഫീസർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ ഹൈടെക് ഫാമിംഗിന്റെ നടത്തിപ്പിനായി നിയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ